"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - ഇടുക്കി ജില്ലാ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) തസ്തികയിൽ, അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പ് അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ആയ ശ്രീമതി. അഷിത ചന്ദ്രന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.2230/2025/LSGD തീയതി, തിരുവനന്തപുരം, 18-09-2025

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന. തീയതി 10/05/2013.
2. സ.ഉ.(സാധാ) നം. 580/2013/ധന. തീയതി 28/11/2013.
3. സ.ഉ.(സാധാ) നം. 2572/2022/ത.സ്വ.ഭ.വ. തീയതി 22/10/2022
4. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19/07/2025-ലെ SM/1696/2024-B നമ്പർ കത്ത്.

**ഉത്തരവ്**

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പ് അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീമതി.അഷിത ചന്ദ്രനെ ഇടുക്കി ജില്ലാ ശുചിത്വമിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം നിയമിക്കുകയുണ്ടായി. ടിയാളുടെ അന്യത്രസേവന കാലാവധി 22/10/2025 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ ശുചിത്വമിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പ് അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീമതി.അഷിത ചന്ദ്രന്റെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 22/10/2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച്

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

**പകർപ്പ് :-**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

പൊതുഭരണ (സർവ്വീസസ് -എ) വകുപ്പ്

ശ്രീമതി. അഷിത ചന്ദ്രൻ (പൊതുഭരണ (സർവ്വീസസ് -എ) വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ.). കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/123/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 18-09-2025 14:07:30